# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksa/klm/p8 /517/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 11/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരിപത്രം സഹിതം)
2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)

നമ്പർ: ksa/klm/p8 /517/2023 തീയ്യതി: 11/04/2023

## കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.പി മാത്യൂറോയ് | സീനിയർഡെപ്യൂട്ടി ഡയറക്ടർ | 13-03-2023 | 16-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-03-2023 | 16-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്. എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. അരുൺജിത്ത് ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദിവ്യ ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സുനിൽകുമാർ യു. എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീപ്തി രവീന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ജ്യോതിലക്ഷ്മി എസ്. | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീ.അജയകുമാർ | സെക്രട്ടറി | 08-05-2021 | 03-08-2021 |
| ശ്രീ.സക്കീർഹുസൈൻ | സെക്രട്ടറി | 04-08-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലത പി.എൻ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.രാകേഷ് എ. | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി റെമിജിയസ് ഫെർണാണ്ടസ് | ശിശുവികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സലില എസ് | അസ്സിസ്റ്റൻ്റ് എഞ്ചിനീയർ | 01-04-2021 | 28-01-2022 |
| ശ്രീമതി മുനീറ ബീവി | അസ്സിസ്റ്റൻ്റ് എഞ്ചിനീയർ | 28-01-2022 | 31-03-2022 |
| ഡോ.ഹരികൃഷ്ണൻ സി | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 15-12-2021 |
| ഡോ.സാബുസേവ്യർ | സീനിയർ വെറ്ററിനറി സർജൻ | 16-12-2021 | 01-03-2022 |
| ഡോ.രമ എസ് | സീനിയർ വെറ്ററിനറി സർജൻ | 02-03-2022 | 31-03-2022 |
| ശ്രീ.ബിനേഷ് വി.ആർ | കൃഷി അസ്സി.ഡയറക്ടർ | 01-04-2021 | 31-12-2021 |
| ശ്രീമതി അജ്മി എച്ച് | കൃഷി അസ്സി.ഡയറക്ടർ | 01-01-2022 | 28-02-2022 |
| ശ്രീമതി ഷബീന എച്ച് | കൃഷി അസ്സി.ഡയറക്ടർ | 01-03-2022 | 31-03-2022 |
| ശ്രീ. ജാകിലിൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 19-04-2021 |
| ശ്രീമതി ഷീബ ആർ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-04-2021 | 15-06-2021 |
| ശ്രീ.ജാകിലിൻ ജെ. | ഡയറി എക്സ്റ്റൻഷൻ | 16-06-2021 | 18-07-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി ഷീബ ആർ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 19-07-2021 | 11-11-2021 |
| ശ്രീ.അബ്ദുൾ സലിം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 11-11-2021 | 31-03-2022 |
| ഡോ.സുനിൽകുമാർ ഡി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ് എം | അസ്സിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2.1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് / ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-11 |
| 13 | പാലിന് സബ്സിഡി-ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഒടുക്കേണ്ടതാണ് | 1-12 |
| 14 | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല,ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-13 |
| 15 | പഠനമുറി നിർമ്മാണം - ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-14 |
| 16 | നിക്ഷേപപ്രവൃത്തികളുടെ നിർവ്വഹണത്തിന് അധികമായി നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-15 |
| 17 | മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-16 |
| 18 | പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി - 1,07,000/- രൂപ നിരാകരിക്കുന്നു | 1-17 |
| 19 | അതിർത്തി നിർണ്ണയം നടക്കാത്തതിനാൽ അംഗീകരിച്ച പദ്ധതികൾ പൂർത്തീകരിക്കാതെയും തുടങ്ങാതെയും ഉപേക്ഷിക്കപ്പെടുന്നു | 1-18 |
| 20 | ഇ-ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. | 1-19 |
| 21 | അനധികൃത നിർമ്മിതി പൊളിച്ചുമാറ്റിയില്ല -ഭരണതലനടപടികളിൽ അനാസ്ഥ - പദ്ധതി നിർമ്മാണം ഫലപ്രദമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല | 1-20 |

| | | |
|---|---|---|
| 22 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-21 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി - 1,07,000/- രൂപ നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 15.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കിയിട്ടില്ല.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 11.8.2022 | ബാധകമല്ല | ബാധകമല്ല |

### 1-2.1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) വാടക ഇനത്തിലെ തൻവർഷ ഡിമാന്റ്, കളക്ഷൻ, കുടിശിക തുകകളുടെയും മുൻവർഷ കുടിശിക തുകകളുടെയും വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) വികസന ഫണ്ട്(ജനറൽ)-ന്റെ ചെലവ് എ.സി.ആർ, സുലേഖ സ്റ്റേറ്റ്മെന്റ്, ധനകാര്യപത്രിക എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ളത് തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ധനകാര്യപത്രിക പ്രകാരം ചെലവ് | എ സി ആർ പ്രകാരം ചെലവ് | സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം ചെലവ് |
|---|---|---|
| ₹2,98,18,762/- | ₹3,04,87,511/- | ₹2,98,71,885/- |

വ്യത്യാസത്തിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3) ഋണശീർഷ നിക്ഷപങ്ങളുടെ വരവ്, തിരികെ നല്കൽ എന്നിവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ നിക്ഷേപ രജിസ്റ്റർ വർഷാന്ത്യക്ലോസിംഗ് നടത്തി ധനകാര്യപത്രികയിലെ ബന്ധപ്പെട്ട ഷെഡ്യൂളുമായി പൊരുത്തപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

4) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ I-18- പ്രയർ പീരിയഡ് ഐറ്റംസ്- എന്ന് രേഖപ്പെടുത്തിയ ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെടുത്തുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ആസ്തി വിവരങ്ങൾ തയ്യാറാക്കി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) പ്രോജക്ട് നം.54/22 പ്രകാരം ₹44,55,000/- (സി എഫ് സി ഫണ്ട് ) കൊല്ലം മൈനർ ഇറിഗേഷൻ വകുപ്പിലും പ്രോജക്ട് നം.93/22 പ്രകാരം ₹18,00,000/- (സി എഫ് സി ഫണ്ട് ) കൊല്ലം മേജർ ഇറിഗേഷൻ വകുപ്പിലും നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നിക്ഷേപതുകകളുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

7) അഡ്വാൻസ് രജിസ്റ്ററിൽ നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

8) വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുകയായി ₹71,92,154/- കാണിച്ചിട്ടുണ്ടെങ്കിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി തന്ന സ്റ്റേറ്റുമെന്റ് പ്രകാരം ₹15,66,832/- ടെ പാർട്ട് ബിൽ മാത്രമാണ് തൻവർഷം അനുവദിച്ചിട്ടുള്ളത്.

9) കേന്ദ്രാവിഷ്കൃത ഫണ്ടുകളായ IAY, TSC എന്നീ ഇനങ്ങളിൽ RP-31 പത്രികയിൽ ഉൾപ്പെട്ട് വന്നിരിക്കുന്ന വരവുകൾ യഥാക്രമം ₹3,275/-, ₹1,24,560/- ആണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം തുകകൾ യഥാക്രമം ₹3,54,223/-, ₹1,39,823/- ആണ്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

10) സ്വച്ഛ് ഭാരത് മിഷൻ പ്രോജക്ടിനായി കൊല്ലം ഐഡിബിഐ ബാങ്കിൽ 01.10.21 ന് ആരംഭിച്ച

അക്കൗണ്ട് (നം.0737104000133968) വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

11) 31.03.22 ലെ PYKA അക്കൌണ്ടിലെ നീക്കിയിരിപ്പ് ₹62,249/- ആണെങ്കിലും B4 ഷെഡ്യൂളിലെ ബന്ധപ്പെട്ട ഹെഡിൽ ലയബിലിറ്റിയായി കാണിച്ചിട്ടുള്ള തുക ₹1,652/- ആണ്. ആയതിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

12) സംയുക്ത പ്രോജക്റ്റുകൾക്കായിട്ടുള്ള ജില്ലാപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് വിഹിതം തുകകളുടെ ചെലവുകൾ സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഖണ്ഡിക 4-2 കാണുക)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 67,16,380/- രൂപ |
| വരവ് | 8,83,97,316/- രൂപ |
| ആകെ | 9,51,13,696/- രൂപ |
| ചെലവ് | 8,50,65,731/- രൂപ |
| നീക്കിയിരിപ്പ് | 1,00,47,965- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 1,07,000/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,92,68,569/-രൂപ |

## 1-4 ഗ്രാന്റ് / ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് ** (ജനറൽ) | 0 | 3,19,00,000 | 3,19,00,000 | 2,98,71,885 | 20,28,115 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,46,62,000 | 1,46,62,000 | 1,38,85,079 | 7,76,921 |
| വികസനഫണ്ട് (ടി എസ് പി) | 0 | 1,43,800 | 1,43,800 | 1,07,000 | 36,800 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 95,78,698 | 95,78,698 | 74,49,835 | 21,28,863 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്- അൺടൈഡ്) - ട്രഷറി | 0 | 27,50,000 | 27,50,000 | 27,50,000 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്- അൺടൈഡ്) - ബാങ്ക് | 0 | 59,40,000 + 33,193 (പലിശ) = 59,73,193 | 59,73,193 | 59,40,000 | 33,193 |
| ധനകാര്യകമ്മീഷൻഗ്രാന്റ്(ടൈഡ്) - ട്രഷറി | 0 | 73,40,000 | 73,40,000 | 63,39,506 | 10,00,494 |
| ധനകാര്യകമ്മീഷൻഗ്രാന്റ്(ടൈഡ്) - ബാങ്ക് | 0 | 89,10,000 | 89,10,000 | 44,55,000 | 44,55,000 |

** ഖണ്ഡിക 1-2-1 (2) കൂടി കാണുക.

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ടി എസ് സി | 20,38,791 | 1,39,823 | 21,78,614 | 12,11,271 | 9,67,343 |
| നിർമൽ | 1,00,993 | 2,983 | 1,03,976 | 0 | 1,03,976 |

| | | | | | |
|---|---|---|---|---|---|
| ഐ എ വൈ | 3,48,333 | 3,54,223 | 7,02,556 | 7,00,500 | 2,056 |
| പൈക്ക | 60,597 | 1,652 | 62,249 | 0 | 62,249 |
| സാക്ഷരത | 2,209 | 80 | 2,289 | 0 | 2,289 |

## 1-5 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 90 | 10,46,06,373/- | 75 | 7,43,31,127/- | 0 | 15 | 83.33% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.3.2023 3.20 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തി. 3860/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിന്റെ ആഭ്യന്തര പരിശോധനാവേളയിൽ വിലയിരുത്തുകയുണ്ടായി.

1. ബജറ്റ് സംവിധാനത്തിലൂടെ വരവ് ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
2. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
3. സാംഖ്യ സോഫ്റ്റ് വെയർ മുഖേനയുള്ള കമ്പ്യൂട്ടർ രസീതുകൾ പ്രകാരം വരവുകൾ സ്വീകരിക്കുന്നില്ല, കൈകൊണ്ടെഴുതുന്ന രസീതുകളാണ് ഉപയോഗിക്കുന്നത്.
4. കൃഷി അസിസ്റ്റന്റ് നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുവാൻ കളക്ഷൻ രജിസ്റ്റർ ഉപയോഗിക്കുന്നില്ല.
5. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾക്ക് സവിശേഷ നമ്പരുകൾ നല്കി ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.
6. സുലേഖ സോഫ്റ്റ്‌വെയറിൽ നിന്നുള്ള പ്രോജക്ട് റിപ്പോർട്ടിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കാൻ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.2.2023 മുതൽ 16.2.23 വരെ | 2021-22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/2022 | 2016-17 മുതൽ | 19.05.2022 |

| | | | |
|---|---|---|---|
| | | 2020-21 വരെ | |

## 1-11 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തൊടിയൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വാടകയ്ക്ക് നൽകിയിരിക്കുന്ന ചുവടെ സൂചിപ്പിക്കുന്ന കടമുറികളിൽ നിന്നും 5,42,562/-രൂപ വാടക കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.5.2021 ലെ 1015/21, ധനവകുപ്പിന്റെ 30.09.2021 ലെ 115/21 ഫിൻ നമ്പർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 05/2021, 06/2021, 07/2021 മുതൽ 12/2021 വരെ ആകെ 8 മാസങ്ങളിലെ വാടക ഒഴിവാക്കിയിട്ടുണ്ട്. ടി മാസങ്ങളെ ഒഴിവാക്കി ബാക്കി 31.01.2023 വരെയുള്ള കാലയളവിൽ ഈടാക്കാനുള്ള പിഴപലിശ ഉൾപ്പെടെയുള്ള വാടക കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കടമുറി വാടകയ്ക്കു എടുത്ത വ്യക്തി | റൂം നമ്പർ | മാസവാടക(രൂ)/ വാടക ഒടുക്കുവാനുള്ള കാലയളവ് (05/21 മുതൽ 12/21 വരെയുള്ള കാലയളവ് ഒഴികെ) | വാടക (രൂപ) | പിഴപലിശ 18% നിരക്കിൽ (രൂപ) | കുടിശ്ശിക (രൂപ) |
|---|---|---|---|---|---|---|
| 1 | ആദിത്യമോഹൻ, പരുത്തുംമൂട്ടിൽ, ചെറിഴയിക്കൽ പി.ഒ | 1 | 1,313/- (11/2020 മുതൽ 01/23 വരെ 19മാസം) | 24947/- | 4490/- | 29,437/- |
| 2 | നജ്മുദ്ദീൻ, റോസ്ഹൗസ്, കെ.എസ്.പുരം | 8 | 1,313/- (4/2020 മുതൽ 01/23 വരെ 26 മാസം) | 34138/- | 6145/- | 40283/- |
| 3 | നജ്മുദ്ദീൻ, റോസ്ഹൗസ്, കെ.എസ്.പുരം | 9 | 1,313/- (4/2020 മുതൽ 01/23 വരെ 26 മാസം) | 34138/- | 6145/- | 40283/- |
| 4 | ബേബി. സി, പുത്തൻമണ്ണേൽ, പി.വി സൗത്ത്, ഇടക്കുളങ്ങര പി.ഒ, തൊടിയൂർ | 15 | 2,400/- (11/2020 മുതൽ 01/23 വരെ 19മാസം) | 45,600/- | 8208/- | 53808/- |
| 5 | ബേബി. സി, പുത്തൻമണ്ണേൽ, പി.വി സൗത്ത്, ഇടക്കുളങ്ങര പി.ഒ, തൊടിയൂർ | 16 | 2,400/- (11/2020 മുതൽ 01/23 വരെ 19മാസം) | 45600/- | 8208/- | 53808/- |
| 6 | ബേബി. സി, പുത്തൻമണ്ണേൽ, പി.വി സൗത്ത്, ഇടക്കുളങ്ങര പി.ഒ, തൊടിയൂർ | 17 | 2,400/- (11/2020 മുതൽ 01/23 വരെ 19മാസം) | 45,600/- | 8208/- | 53808/- |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഷിബുകുമാർ, ലക്ഷമിവിലാസം | 2 | 1,313/- (12/2015 മുതൽ 01/23 വരെ 78 മാസം) | 1,02,414/- | 18,435/- | 1,20,849/- |
| 8 | ഷിബുകുമാർ, ലക്ഷമിവിലാസം | 3 | 1,313/- (4/2014 മുതൽ 12/22 വരെ 97 മാസം) | 1,27,361/- | 22,925/-/- | 1,50,286/- |
| ആകെ | | | | | | 5,42,562/- |

2019-20 സാമ്പത്തിക വർഷത്തെ വാടക തന്നെയാണ് നാളിതുവരെയും ഡിമാന്റ് ചെയ്തിരിക്കുന്നത്. വാടകയിൽ വാർഷിക വർദ്ധനവ് ഉണ്ടായിട്ടില്ല. വാടകയിൽ വാർഷിക വർദ്ധനവ് നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
കുടിശ്ശിക ഇനത്തിൽ ഈടാക്കാനുള്ള തുകയായ 5,42,562/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 പാലിന് സബ്സിഡി-ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഒടുക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 26 ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ലിറ്ററിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിന് ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 57/22 പ്രകാരം ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്നും 45,00,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 7152907694) നൽകിയിട്ടുണ്ട്. E-Gram Portal-ലിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് നേരിട്ട സാങ്കേതിക ബുദ്ധിമുട്ട് മൂലമാണ് നിർവഹണ ഉദ്യോഗസ്ഥൻ പ്രത്യേക അക്കൗണ്ട് ആരംഭിച്ചത് (ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2022 ലെ പ്ലാനിംഗ് 20/21-22/ഡി.പി.സി/ഡി.പി.ഒ/കെ.എൽ.എം. നമ്പർ കത്ത് പ്രകാരം). ടി തുകയിൽ 76,659/- രൂപ 28.02.2023 വരെ ചെലവഴിച്ചിട്ടില്ല. ഗുണഭോക്താക്കൾ സമർപ്പിച്ച അക്കൗണ്ടുകളിലെ പിശക് മൂലമാണ് തുക ക്രെഡിറ്റ് ചെയ്യാൻ കഴിയാതെ പോയതെന്നും ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കി വിവരം അറിയിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. 2021- 22 വർഷത്തിലെ പദ്ധതി പ്രകാരം പാലിന് സബ്സിഡി ഇനത്തിൽ നൽകേണ്ട തുക ഇപ്പോഴും ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് പദ്ധതി നിർവഹണത്തിലെ വീഴ്ചയാണ്. പാലിന് സബ്സിഡി നൽകുന്നതിനായി നിർവഹണോദ്യോഗസ്ഥന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച തുക ഉടനെ ചെലവഴിച്ച് തീർക്കേണ്ടതായിരുന്നു.

ചെലവായി രേഖപ്പെടുത്തുകയും എന്നാൽ അക്കൗണ്ടിൽ സൂക്ഷിക്കുകയും ചെയ്തതിനാൽ 76,659/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. 76,659/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. ടി തുകയ്ക്ക് നാളിതുവരെ അക്കൗണ്ടിൽ വന്ന പലിശ തിരികെ ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 4/15.03.23
വൌച്ചർ നമ്പർ - XVFC/2021-22/P/5-05.03.2022, XVFC/2021-22/P/3-31.01.2022
തടസ്സപ്പെടുത്തിയ തുക – 76,659/- രൂപ

## 1-13 വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല,ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| സീ.നം. | പ്രോജക്ട് നം പേര് | തുക കൈപ്പറ്റിയ സ്ഥാപനം | നൽകിയ തുക (രൂപ) | ബിൽ നം./ചെക്ക് നം, തീയതി |
|---|---|---|---|---|
| 1 | 3 /22, ലൈഫ് പദ്ധതി ഭൂമി വാങ്ങൽ | ഓച്ചിറ | 3,00,000 | ബിൽ നം. 172/5.1.22 |

| | | | | |
|---|---|---|---|---|
| | | ഗ്രാമപഞ്ചായത്ത് | | |
| | വിഹിതം നൽകൽ 2021-22 | തൊടിയൂർ ഗ്രാമപഞ്ചായത്ത് | 10,00,000 | ബിൽ നം. 93/6.10.21 |
| | | കലശേഖരപുരം ഗ്രാമപഞ്ചായത്ത് | 6,00,000 | ബിൽ നം. 170/5.1.22 |
| 2 | 2/22, ലൈഫ് പദ്ധതി പഞ്ചായത്തുകൾക്ക് അധിക ധനസഹായം നൽകൽ 2021-22 | ഓച്ചിറ ഗ്രാമപഞ്ചായത്ത് | 8,60,000 | വിവിധ ബില്ലുകൾ |
| | | കലശേഖരപുരം ഗ്രാമപഞ്ചായത്ത് | 21,39,643 | |
| | | തൊടിയൂർ ഗ്രാമപഞ്ചായത്ത് | 14,32,000 | |
| | | ആലപ്പാട് ഗ്രാമപഞ്ചായത്ത് | 2,00,000 | |
| | | ക്ലാപ്പന ഗ്രാമപഞ്ചായത്ത് | 2,00,000 | |
| 3 | 91/22, ലൈഫ് പദ്ധതി തുക നൽകൽ (പട്ടിക ജാതി) | കലശേഖരപുരം ഗ്രാമപഞ്ചായത്ത് | 8,64,864 | ബിൽ നം. 133/1.12.21 |
| | | ക്ലാപ്പന ഗ്രാമപഞ്ചായത്ത് | 4,20,000 | ബിൽ നം. 242/10.2.22 |
| | | തഴവ ഗ്രാമപഞ്ചായത്ത് | 30,000 | ബിൽ നം. 248/23.2.22 |
| 4 | 10/ 22, ജീവനം തുക നൽകൽ | ജില്ലാപഞ്ചായത്ത് | 1,00,000 | ബിൽ നം-21/13-9-21 |
| 5 | 15/22, ദുരന്തനിവാരണം പഞ്ചായത്തുകൾക്ക് തുക നൽകൽ | തഴവ ഗ്രാമപഞ്ചായത്ത് | 47,865 | ബിൽ നം-40/29-7-21 |
| | | ക്ലാപ്പന ഗ്രാമപഞ്ചായത്ത് | 1,00,000 | ബിൽ നം-266/3-3-22 |
| 6 | 14/22, വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടലിന് റിവോൾവിങ് ഫണ്ട് | തഴവ ഗ്രാമപഞ്ചായത്ത് | 20,000 | ബിൽ നം-316/23-3-22 |
| 7 | 11/ 22, ഐ.കെ.എം ന് വിഹിതം നൽകുക | ഐ.കെ.എം | 43,285 | ബിൽ നം-20/13-9-21 |
| 8 | 5 /22, ലൈഫ് പദ്ധതി ഭൂമി വാങ്ങൽ 2021-22 | തഴവ ഗ്രാമപഞ്ചായത്ത് | 2,00,000 | ബിൽ നം. 309/19.3.22 |
| | | കലശേഖരപുരം ഗ്രാമപഞ്ചായത്ത് | 4,50,000 | ബിൽ നം. 201/18.1.22 |
| | | ആലപ്പാട് ഗ്രാമപഞ്ചായത്ത് | 25,000 | ബിൽ നം. 203/18.1.22 |
| 9 | 19/22, പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങൽ വിഹിതം നൽകൽ | തഴവ ഗ്രാമപഞ്ചായത്ത് | 3,00,000 | ബിൽ നം. 183/7.1.22 |
| | | ആലപ്പാട് ഗ്രാമപഞ്ചായത്ത് | 3,97,439 | ബിൽ നം. 226/5.2.22 |
| 10 | 90/22, ലൈഫ് പദ്ധതി പഞ്ചായത്തുകൾക്ക് അധിക ധനസഹായം നൽകൽ(ജനറൽ) | തഴവ ഗ്രാമപഞ്ചായത്ത് | 7,50,000 | വിവിധ ബില്ലുകൾ |
| | | ഓച്ചിറ ഗ്രാമപഞ്ചായത്ത് | 4,00,000 | |
| | | കലശേഖരപുരം ഗ്രാമപഞ്ചായത്ത് | 4,00,000 | |

| | | | | |
|---|---|---|---|---|
| | | ക്ലാപ്പന ഗ്രാമപഞ്ചായത്ത് | 2,00,000 | |
| | | തൊടിയൂർ ഗ്രാമപഞ്ചായത്ത് | 88,000 | |
| 11 | 93/22, ആലപ്പാട് ഗ്രാമ പഞ്ചായത്തിലെ ചള്ളിയിൽ ഇലഞ്ഞിക്കൽ തോട് മുതൽ ടി.എസ് കനാൽ വരെ ഓടയുടെ ഇരുവശങ്ങളിലും പാർശ്വഭിത്തി നിർമ്മാണം | മേജർ ഇറിഗേഷൻ | 18,00,000 | ബിൽ നം-42/17-1-22 |
| 12 | ലൈഫ് ഭവന പദ്ധതി തുക നല്കൽ 2021-22 | ഓച്ചിറ ഗ്രാമപഞ്ചായത്ത് | 14,00,600 | വിവിധ ബില്ലുകൾ |
| | | ക്ലാപ്പന ഗ്രാമപഞ്ചായത്ത് | 4,60,000 | |
| | | തൊടിയൂർ ഗ്രാമപഞ്ചായത്ത് | 2,00,000 | |
| | | കുലശേഖരപുരം ഗ്രാമപഞ്ചായത്ത് | 36,69,239 | |
| | | ആകെ | 1,90,97,935 | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 1,90,97,935/- രൂപ തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രവും പ്രോജക്ടിന്റെ പൂർത്തീകരണവിവരവും ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 7/25.1.2023
തടസ്സപ്പെടുത്തിയ തുക - 1,90,97,935/- രൂപ

1-14 പഠനമുറി നിർമ്മാണം - ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പഠനമുറി നിർമ്മാണത്തിനായി ഒരു ഗുണഭോക്താവിന് രണ്ട് ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര്, വിലാസം | ആദ്യഗഡു നല്കിയ തീയതി / കരാർ തീയതി | അനുവദിച്ച തുക ₹ | ബാക്കി തുക ₹ |
|---|---|---|---|
| ശ്രീമതി അജിത ഡി, മരുതവന, മഠത്തിൽ കാരാഴ്മ, ഓച്ചിറ | 21.04.20 | 1,00,000 | 1,00,000 |
| ശ്രീ. വിജയൻ കെ, വിജയാ ഭവനം, കുതിരപ്പന്തി, തഴവ | 09.12.21 | 50,000 | 1,50,000 |

ഈ വിഷയത്തിൽ നിർവ്വഹണോദ്യോഗസ്ഥന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.7/16.03.23) മറുപടിയിൽ പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നതിന് മേൽ ഗുണഭോക്താക്കൾക്ക്

നിർദ്ദേശം നല്കിയിരുന്നെന്നും കോവിഡ് സാഹചര്യമായതിനാൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലായെന്നാണ് അവർ അറിയിച്ചിരുക്കുന്നതെന്നുമാണ് പറഞ്ഞിട്ടുള്ളത്.

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണ പുരോഗതി വിലയിരുത്തി നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.

## 1-15 നിക്ഷേപപ്രവൃത്തികളുടെ നിർവ്വഹണത്തിന് അധികമായി നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 108/22, 54/22 എന്നീ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് പരിശോധിച്ചതിൽ നിന്നും വിനിയോഗ ബാക്കി നിർവഹണ ഏജൻസിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | നൽകിയ തുക (രൂപ) ഫണ്ട് ഇനം | ബിൽ നം./ ചെക്ക് നം. | സ്ഥാപനം | ചെലവ് ബാക്കി തുക (രൂപ) |
|---|---|---|---|---|---|
| 1 | പദ്ധതി നമ്പർ- 108/22, തഴവ ആലപ്പാട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 33,48,000/- രൂപ വികസന ഫണ്ട് (എസ് സിപി) | ബിൽ നമ്പർ 66 /27-3-22, 64 /27-3-22 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഎച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കൊല്ലം | വിനിയോഗ സാക്ഷ്യപത്ര പ്രകാരം 9,77,527/- രൂപ ബാലൻസ് ഉണ്ട്. |
| 2 | പദ്ധതി നമ്പർ-54/ 22, ചീപ്പ് നിർമ്മാണം | 44,55,000/- രൂപ, സി.എഫ്.സി | ബിൽ നമ്പർ 17/13-9-21 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,മൈനർ ഇറിഗേഷൻ ഡിവിഷൻ,കൊല്ലം | വിനിയോഗ സാക്ഷ്യപത്ര പ്രകാരം 2,38,188/- രൂപ ബാലൻസ് ഉണ്ട്. |

പ്രവൃത്തിയുടെ വിനിയോഗത്തിനുശേഷം അധികമായ തുക തിരികെ ഈടാക്കിയിട്ടില്ല. ആയതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ബന്ധപ്പെട്ട അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ് എന്ന് അറിയിച്ചു. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ - 6/16-3-23

## 1-16 മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണം നടത്തിയ സാന്ത്വന പരിചരണം പദ്ധതിയിൽ (പ്രോജക്ട് നം. 12/22) ഉൾപ്പെടുത്തി മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി വികസനഫണ്ട് (ജനറൽ) നിന്നും 6,50,000/- രൂപ ബിൽ നമ്പർ- 09/08.07.2021 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയതിൽ 88,088/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. തുക മുൻകൂറായി ഒടുക്കുവരുത്തി 19 മാസങ്ങൾക്ക് ശേഷവും ജീവൻ രക്ഷാ ഔഷധങ്ങൾ വിതരണം നടത്തിയിട്ടില്ല എന്നത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വിതരണം ചെയ്യാനുള്ള മരുന്നുകൾക്കായി ഒടുക്കിയ 88,088/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം - 5/15.03.23

തടസ്സപ്പെടുത്തിയ തുക – 88,088/- രൂപ

1-17 പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി - 1,07,000/- രൂപ നിരാകരിക്കുന്നു

A) പദ്ധതി നമ്പർ - SO023/22, എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ
അടങ്കൽ - 1,07,000/- രൂപ (റ്റി.എസ്.പി)
ചെലവ് – 91,777 രൂപ (ബിൽ നമ്പർ-63/22.03.22)
B) SO089/22 എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ
അടങ്കൽ - 73,600/- രൂപ (റ്റി.എസ്.പി)
ചെലവ് - 15,223/- രൂപ (ബിൽ നമ്പർ-69/27.03.22)
നിർവ്വഹണം – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

2018-19 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ പദ്ധതി നിർവ്വഹണം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ *(സ.ഉ (കൈ) നം 22/2018 /ത.സ്വ.ഭ.വ. തീയതി 14.02.2018)* പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുത്ത് നടപ്പാക്കാൻ അനുമതിയുള്ള "വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ" വാങ്ങി നൽകുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയിരിക്കുന്നു. ഓച്ചിറ, കുലശേഖരപുരം, തൊടിയൂർ ഗ്രാമപഞ്ചായത്തുകളിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 6 വിദ്യാർത്ഥികൾക്ക് മേശ, കസേര, അലമാര, സൈക്കിൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര്, ക്ലാസ്സ് | വിതരണം നടത്തിയ പഠനോപകരണങ്ങൾ |
|---|---|---|
| 1 | അരുൺ<br>8 -ാം ക്ലാസ്സ് | മേശ, കസേര, സ്റ്റീൽ അലമാര, സൈക്കിൾ |
| 2 | വൈഷ്ണവ്<br>8-ാം ക്ലാസ്സ് | മേശ, കസേര, സ്റ്റീൽ അലമാര, സൈക്കിൾ |
| 3 | സാന്ദ്ര<br>9 -ാം ക്ലാസ്സ് | മേശ, കസേര, സ്റ്റീൽ അലമാര, സൈക്കിൾ |
| 4 | ജിഷ്ണു പ്രസാദ്<br>11 -ാം ക്ലാസ്സ് | മേശ, കസേര, സ്റ്റീൽ അലമാര, സൈക്കിൾ |
| 5 | സഞ്ജീവ്<br>2 -ാം ക്ലാസ്സ് | മേശ, കസേര, തടി അലമാര |
| 6 | ജീവൻ<br>1 -ാം ക്ലാസ്സ് | മേശ, കസേര, തടി അലമാര |

സബ്സിഡി മാർഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപ്പഞ്ചായത്തുകൾക്ക് മതിയായ പട്ടികവർഗ്ഗ ഫണ്ട് ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെയാണ് പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി നടപ്പാക്കിയ പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പറഞ്ഞ പ്രകാരം ആനുകൂല്യം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.
ഓഡിറ്റ് എൻക്വയറി നം – 06/16.03.23
നിരാകരിക്കുന്ന തുക - 1,07,000/- രൂപ (91777 + 15223)

## 1-18 അതിർത്തി നിർണ്ണയം നടക്കാത്തതിനാൽ അംഗീകരിച്ച പദ്ധതികൾ പൂർത്തീകരിക്കാതെയും തുടങ്ങാതെയും ഉപേക്ഷിക്കപ്പെടുന്നു

ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് - 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും ഓച്ചിറ ഗ്രാമപഞ്ചായത്ത് വാർഡ് 13-ൽ ഉള്ളതുമായ "ചങ്ങൻകുളങ്ങര വാര്യരുകുളം പുനഃരുദ്ധാരണം"പ്രവൃത്തി നടപ്പിലാക്കാതെ ഉപേക്ഷിച്ചു. ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് - തൊടിയൂർ ഗ്രാമപഞ്ചായത്ത് - കല്ലേലിഭാഗം വില്ലേജിൽ ഉൾപ്പെട്ട മാരാരിത്തോട്ടം - വിളയിൽ റോഡ് ഓട നിർമ്മാണം ആരംഭിച്ച് എസ്കവേഷൻ കഴിഞ്ഞ് കോൺക്രീറ്റ് ചെയ്ത അവസ്ഥയിൽ ടി റോഡിന്റെ അതിരുമായി ബന്ധപ്പെട്ട് തർക്കം ഉണ്ടായതിനാൽ പ്രവൃത്തി നിർത്തി വെച്ചതായി അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ഉപേക്ഷിക്കാൻ കമ്മിറ്റി തീരുമാനിച്ചു (15.9.2021 ലെ അജണ്ട 5 തീരുമാനം 2). ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത തൊടിയൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 21 ൽ കൊള്ളിത്തറ ഭാഗം ഓട നിർമ്മാണം എന്ന പ്രവർത്തി നടത്തേണ്ടത് സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ കൂടി ആയതിനാൽ ടി സ്ഥലത്ത് തർക്കം നില നിൽക്കുന്ന സാഹചര്യമാണുള്ളത്. ഇക്കാര്യം സമിതി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി റദ്ദാക്കിയിട്ടുള്ളതാണ്. അതിർത്തിയുമായി ബന്ധപ്പെട്ട് റീ സർവേ നടത്തി അതിർത്തി നിശ്ചയിച്ച് തരുന്നതിന് കരുനാഗപ്പള്ളി LR തഹസിൽദാരോട് അഭ്യർത്ഥിച്ച് തീരുമാനിച്ചതായി മിനിട്സ് തീരുമാനമുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/2021-22 തീയതി 14.03.2023-ന് മറുപടി ലഭ്യമാക്കിയില്ല. അതിർത്തി നിർണ്ണയിച്ച് പ്രോജക്ടുകൾ സമയബന്ധിതമായും പാതി വഴിയിൽ ഉപേക്ഷിക്കപ്പെടാതെയും നടപ്പിലാക്കുന്നതിന് ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ഇ-ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മുതൽകൂട്ടിയിട്ടില്ല.

2021 ജൂൺ 5 (ബാങ്ക് പത്രിക പ്രകാരം) മുതൽ ടെണ്ടർ ഫോറത്തിന്റെ വില ബ്ലോക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഡിപ്പോസിറ്റ് ചെയ്തുവരുന്നു. ആയത് പ്രകാരം ടെണ്ടർ ഫീ, ഇ.എം.ഡി ഉൾപ്പെടെയുള്ള ജൂൺ 5, 2021 മുതലുള്ള തുകയായ 2,26,369/- രൂപ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്.ബി.ഐ വവ്വാക്കാവ് ബ്രാഞ്ചിലുള്ള 37470508435 അക്കൗണ്ട് നമ്പറിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ടി തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 അനധികൃത നിർമ്മിതി പൊളിച്ചുമാറ്റിയില്ല -ഭരണതലനടപടികളിൽ അനാസ്ഥ - പദ്ധതി നിർമ്മാണം ഫലപ്രദമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല

പ്രോജക്ട് - എഫ്.സി.ഐ കോളനിയിൽ ഓടയും കവറിംഗ് സ്ലാബ് നിർമ്മാണം

(തൊടിയൂർ ഗ്രാമ പഞ്ചായത്ത് വാർഡ് 23 ) (എസ്.ഒ.ഒ.85/22)

അടങ്കൽതുക - 43,98,600/- വികസനഫണ്ട്. (എസ്.സി.പി)

ടി.എസ്.നം. 44009/2021-22 തീയതി. 13.10.2021

പി.എ.സി – 37,63,543.53/-

കരാർ – 02/21-22/എ.ഇ.ഇ /ഒ.ബി.പി തീയതി. 16.12.2021

കരാറുകാരൻ – അൽത്താഫ് എം.

എം. ബുക്ക് നമ്പർ – 224/21-22 തീയതി. 4.10.2021

ചെലവ് – 3,75,326/- (ബിൽ നമ്പർ 25/21-22 തീയതി. 30.03.2022)

195 മീറ്റർ നീളത്തിൽ ഓട നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്. 6 മാസമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നിശ്ചയിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ

ആദ്യഭാഗം നിലവിലുള്ള ഏകദേശം 50 മീറ്റർ DR പൊളിച്ച് ഓട നിർമ്മിക്കേണ്ടിയിരുന്നു. ടി ഭാഗത്ത് DR ന പുറത്ത് വച്ച് സ്വകാര്യ വ്യക്തി മതിൽ നിർമ്മിച്ചതിനാൽ ഈ DR പൊളിച്ച് ഓട നിർമ്മിക്കുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. സൈറ്റിലെ അനധികൃത കൈയ്യേറ്റം കാരണമാണ് ആദ്യത്തെ ഏകദേശം 50 മീറ്റർ DR പൊളിച്ച് ഓട നിർമ്മിക്കാൻ കഴിയാതെ വന്നത്. ഓടനിർമ്മാണം സാധ്യമാകാത്ത സാഹചര്യത്തിൽ ടി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർ തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുണ്ട്(17.01.2022 ലെ D1-113/2020/AEE). സ്വകാര്യ വ്യക്തിയുടെ അനധികൃതമതിൽ പൊളിക്കുന്നതിനായി തൊടിയൂർ പഞ്ചായത്തിൽ കത്ത് നൽകിയെങ്കിലും നാളിതുവരെ നടപടികൾ ഉണ്ടായിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചു.

2021-22 ൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓടയുടെ മധ്യഭാഗം (30 മീറ്റർ നീളം) ഓട നിർമ്മിച്ച് പാർട്ട് ബിൽ ആയി 3,75,326/- രൂപ ചെലവഴിച്ചു. 2022-23 ൽ സ്പിൽ ഓവർ പ്രോജക്ടായി (എസ്. ഒ.ഒ. 27/23) 40,23,724/- രൂപ അടങ്കൽ വകയിരുത്തി (വികസനഫണ്ട്എസ്.സി.പി.) അംഗീകാരം വാങ്ങിയിട്ടുണ്ട്. ടി വർക്കിന് സൈറ്റിലെ തർക്കം കാരണവും സ്ഥലത്തിന്റെ പ്രത്യേകത കാരണവും (എസ്കവേഷനിൽ കുളം രൂപപ്പെട്ടു) എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനങ്ങളുടെ ക്വാണ്ടിറ്റിയിൽ മാറ്റം വരുത്തേണ്ടതുള്ളതിനാൽ അടങ്കൽ തുകയിൽ നിന്നും കൂടാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസി.എഞ്ചിനീയർ സെക്രട്ടറിക്ക് അപേക്ഷ നല്കിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റ്മേറ്റിൽ വ്യതിയാനം വരുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 22.01.2022 ലെ അജണ്ട (2)തീരുമാനം 5 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തി. എന്നാൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കമ്മിറ്റി തീരുമാനം എടുത്തെങ്കിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം എഗ്രിമെന്റ് വയ്ക്കപ്പെട്ട ഷെഡ്യൂൾ പ്രകാരം വർക്ക് നടത്തുവാൻ നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് ഇല്ലാതെ പ്രവൃത്തി നടപ്പിലാക്കുന്നതെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചു.





2022-23 സാമ്പത്തികവർഷം, 21-22 ൽ പൂർത്തീകരിച്ച മധ്യഭാഗത്തെ 30 മീറ്റർ ഓടയുടെ തുടർച്ചയായി 64 മീറ്ററോളം നീളത്തിൽ ഓട ചെയ്തതായി സ്ഥലപരിശോധനയിൽ വ്യക്തമായി. എന്നാൽ ടി അളവുകൾ എം ബുക്കിൽ ഓഡിറ്റ് നടന്ന സമയം വരെ രേഖപ്പെടുത്തുകയോ പേയ്മെന്റ് ആക്കുകയോ ചെയ്തിട്ടില്ല. ആകെ 94 മീറ്റർ നീളം (പ്രവൃത്തി സ്ഥലത്തിന്റെ മധ്യഭാഗം) മാത്രമാണ് പ്രവൃത്തി പൂർത്തീകരണം നടന്നിട്ടുള്ളത്. ഓടയുടെ ബാക്കിവരുന്ന 101 മീറ്ററിൽ ആദ്യഭാഗത്തെ 50 മീറ്റർ ഓട നിർമ്മിക്കാത്തത് കാരണം വേലിയേറ്റം, വേലിയിറക്കം എന്നിവയുടെ സാന്നിധ്യമുള്ള പ്രദേശത്ത് ജലത്തിന്റെ ഒഴുക്ക് പകുതിയോളം കുറയുന്നതിന് കാരണമാകുന്നതായും സ്ഥലപരിശോധനയിൽ വ്യക്തമായി.

43,98,600/-രൂപ അടങ്കൽ വകയിരുത്തിയ ബൃഹത്തായ പദ്ധതിയിൽ നിലവിലെ നിർമ്മാണ പുരോഗതി വിലയിരുത്തിയതിൽ പദ്ധതിലക്ഷ്യം പൂർത്തീകരിക്കുന്നതിന് നിലവിലെ നിർമ്മാണം പ്രാപ്തമല്ല എന്ന് വ്യക്തമാണ്. ഓടയുടെ കൈയ്യേറ്റം നടന്ന ആദ്യഭാഗത്ത് 0.80 മീറ്റർ വീതിയും, ഓട നിർമ്മിക്കപ്പെട്ട ഭാഗം 1.70 മീറ്റർ വീതിയുമാണുള്ളത്. മഴവെള്ളവും, ഓടയിൽ ഒഴുകിവരുന്ന വെള്ളവും ചേർന്ന് കവിഞ്ഞൊഴുകിയതിനാൽ സമീപമുള്ള വീടുകളിൽ മഴക്കാലത്ത് വെള്ളം കയറിയതായി പരിസരവാസികൾ അറിയിച്ചു. ഈ അവസ്ഥ ഒഴിവാക്കുന്നതിന് കൈയ്യേറ്റം ഒഴിപ്പിക്കൽ അനിവാര്യമാണ്. കൂടാതെ ഓടയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട അവസാന ഭാഗത്ത് (40 മീറ്റർ നീളം) വെള്ളകെട്ട് ആയതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിയില്ലയെന്ന് സ്ഥലപരിശോധന സമയം നിർവ്വഹണോദ്യോഗസ്ഥനായ എ.എക്സ്.ഇ യും കരാറുകാരനും വ്യക്തമാക്കിയതും പ്രസക്തമാണ്. കൃത്യമായ സ്ഥലപരിശോധന നടത്താതെയും സ്വകാര്യ കൈയ്യേറ്റം ഒഴിപ്പിക്കാതെയും പ്രസ്തുത പ്രോജക്ട് രൂപീകരിച്ച്, നടപ്പിലാക്കിയിട്ടുള്ളത് ഗൗരവമായി കാണുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് അന്വേഷണം നമ്പർ 2/2021-22 തീയതി. 15.03.2023

### 1-21 ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിന് കൈമാറികിട്ടിയ വെറ്ററിനറി പോളിക്ലിനിക്കിന്റെ ദൈനം ദിന ചെലവുകൾ നിർവ്വഹിക്കുന്നതിനായി സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1,00,000/- രൂപ വകയിരുത്തി പദ്ധതിയിൽ 76,082/- രൂപ ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതിചാർജ്ജ്, വെള്ളക്കരം, പ്രിന്റിംഗ് ചെലവുകൾ എന്നീ ഇനത്തിലാണ് തുക ചെലവഴിച്ചിരിക്കുന്നത്. 22.11.2021 ലെ 120-ാം നമ്പർ ബിൽ പ്രകാരം ചെലവഴിച്ച 5,887/- രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ചെലവിന് അനുബന്ധമായ രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 5,887/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 3/15.03.23
തടസ്സപ്പെടുത്തുന്ന തുക - 5,887/- രൂപ
ബിൽ നം - 12/22.11.21

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി - 1,07,000/- രൂപ നിരാകരിക്കുന്നു

A) പദ്ധതി നമ്പർ - SO023/22, എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ
അടങ്കൽ - 1,07,000/- രൂപ (റ്റി.എസ്.പി)
ചെലവ് – 91,777 രൂപ (ബിൽ നമ്പർ-63/22.03.22)
B) SO089/22 എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ
അടങ്കൽ - 73,600/- രൂപ (റ്റി.എസ്.പി)
ചെലവ് - 15,223/- രൂപ (ബിൽ നമ്പർ-69/27.03.22)
നിർവ്വഹണം – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

2018-19 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ പദ്ധതി നിർവ്വഹണം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ *(സ.ഉ(കൈ) നം 22/2018 /ത.സ്വ.ഭ.വ. തീയതി 14.02.2018).* പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുത്ത് നടപ്പാക്കാൻ അനുമതിയുള്ള "വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ" വാങ്ങി നൽകുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയിരിക്കുന്നു. ഓച്ചിറ, കുലശേഖരപുരം, തൊടിയൂർ ഗ്രാമപഞ്ചായത്തുകളിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 6 വിദ്യാർത്ഥികൾക്ക് മേശ, കസേര, അലമാര, സൈക്കിൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര്, ക്ലാസ്സ് | വിതരണം നടത്തിയ പഠനോപകരണങ്ങൾ |
|---|---|---|
| 1 | അരുൺ<br>8 -ാം ക്ലാസ്സ് | മേശ, കസേര, സ്റ്റീൽ അലമാര, സൈക്കിൾ |
| 2 | വൈഷ്ണവ്<br>8-ാം ക്ലാസ്സ് | മേശ, കസേര, സ്റ്റീൽ അലമാര, സൈക്കിൾ |
| 3 | സാന്ദ്ര<br>9 -ാം ക്ലാസ്സ് | മേശ, കസേര, സ്റ്റീൽ അലമാര, സൈക്കിൾ |
| 4 | ജിഷ്ണു പ്രസാദ്<br>11 -ാം ക്ലാസ്സ് | മേശ, കസേര, സ്റ്റീൽ അലമാര, സൈക്കിൾ |
| 5 | സഞ്ജീവ്<br>2 -ാം ക്ലാസ്സ് | മേശ, കസേര, തടി അലമാര |
| 6 | ജീവൻ<br>1 -ാം ക്ലാസ്സ് | മേശ, കസേര, തടി അലമാര |

സബ്സിഡി മാർഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപ്പഞ്ചായത്തുകൾക്ക് മതിയായ പട്ടികവർഗ്ഗ ഫണ്ട് ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെയാണ് പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി നടപ്പാക്കിയ പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പറഞ്ഞ പ്രകാരം ആനുകൂല്യം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.
ഓഡിറ്റ് എൻക്വയറി നം – 06/16.03.23
നിരാകരിക്കുന്ന തുക - 1,07,000/- രൂപ (91777 + 15223)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 16.03.23 | കെ.എസ്.എ.കെ.എൽ.എം.പി.8/517/23 തീയതി 10/04/2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ക്ലാപ്പന ഗ്രാമപഞ്ചായത്ത് | 2021-22 | 2,10,000/- | പി.എം.എ.വൈ.(ജി) ഭവനനിർമ്മാണം (ജനറൽ) | 2,10,000/- | 0 |
| ഓച്ചിറ ഗ്രാമപഞ്ചായത്ത് | 2021-22 | 3,50,000/- | പി.എം.എ.വൈ.(ജി) ഭവനനിർമ്മാണം (ജനറൽ) | 3,50,000/- | 0 |
| തഴവ ഗ്രാമപഞ്ചായത്ത് | 2021-22 | 3,50,000/- | പി.എം.എ.വൈ.(ജി) ഭവനനിർമ്മാണം (ജനറൽ) | 3,50,000/- | 0 |
| തൊടിയൂർ ഗ്രാമപഞ്ചായത്ത് | 2021-22 | 1,00,000/- | പി.എം.എ.വൈ.(ജി) ഭവനനിർമ്മാണം (ജനറൽ) | 1,00,000/- | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2021-22 | 16,66,000/- | പി.എം.എ.വൈ.(ജി) ഭവനനിർമ്മാണം (ജനറൽ) | 16,66,000/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| മൈനർ ഇറിഗേഷൻ | ചീപ്പ് നിർമ്മാണം | 17/13.9.21 | 44,55,000/- (സി.എഫ്.സി. – ടൈഡ്) | 42,16,812/- | 2,38,188/- |
| മേജർ ഇറിഗേഷൻ | കോട്ടേക്കുന്ന് കുടിവെള്ള പദ്ധതി | 192/11.1.22 | 18,00,000/- (സി.എഫ്.സി. – ടൈഡ്) | - | - |
| കേരള വാട്ടർ അതോറിറ്റി | ബ്ലോക്ക് പഞ്ചായത്ത് കുഴൽ കിണറും അനുബന്ധ സൗകര്യങ്ങളും | 66/27.3.22<br>64/27.3.22 | 33,48,000/- (സി.എഫ്.സി. – ടൈഡ്) | 23,70,473/- | 9,77,527/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,07,000/- | ശ്രീ. സക്കീർ ഹുസൈൻ,<br>സെക്രട്ടറി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 76,659/- | ശ്രീ. അബ്ദുൾസലീം, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-13 | 1,79,69,470/- | ശ്രീ. സക്കീർ ഹുസൈൻ, സെക്രട്ടറി |
| | 11,28,465/- | ശ്രീ. ആർ. അജയകുമാർ, സെക്രട്ടറി |
| 1-16 | 88,088/- | ഡോ. സുനിൽകുമാർ ഡി, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| 1-21 | 5,887/- | ഡോ. ഹരികൃഷ്ണൻ സി, സീനിയർ വെറ്ററിനറി സർജൻ |
| ആകെ | 1,92,68,569/- | |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആർ. അജയകുമാർ, സെക്രട്ടറി | വിരമിച്ചു | ലക്ഷ്മി നിവാസ്, വടക്കുംതല, കൊല്ലക പി.ഒ |
| ശ്രീ. സക്കീർ ഹുസൈൻ, സെക്രട്ടറി | സെക്രട്ടറി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | കൈപ്പള്ളിത്തറ, പുന്നക്കുളം, കരുനാഗപ്പള്ളി |
| ഡോ. ഹരികൃഷ്ണൻ സി, സീനിയർ വെറ്ററിനറി സർജൻ | കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ, തിരുവനന്തപുരം | ഹരിതം, പുലിയൂർവഞ്ചി നോർത്ത്, തൊടിയൂർ, തഴവ പി.ഒ |
| ഡോ. സുനിൽകുമാർ ഡി, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | മെഡിക്കൽ പി. ജി പഠനത്തിന് ലീവിലാണ് | അർപിതം, പട. വടക്ക്, കരുനാഗപ്പള്ളി |

| | | |
|---|---|---|
| ശ്രീ. അബ്ദുൾസലീം, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | മാളികത്തറയിൽ, പുന്നക്കുളം, കെ.എസ്.പുരം (പി.ഒ), കരുനാഗപ്പള്ളി |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1998-1999 | കെ.എസ്.എ.കെ.എൽ.എം.പി.8/106(2)/2018/05.02.18 | 3 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം.പി.8/423(1)/20/03.07.20 | 1 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം.പി.8/423(2)/20/03.07.20 | 4 |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം.പി.8/423(3)/20/03.07.20 | 1 |
| 2010-2011 | കെ.എസ്.എ.കെ.എൽ.എം.പി.8/423(4)/20/03.07.20 | 3 |
| 2011-2012 | കെ.എസ്.എ.കെ.എൽ.എം.പി.8/അദാലത്ത് 2011-12/1532 /22/29.08.22 | 1 |
| 2012-2013 & 2013-2014 | കെ.എസ്.എ.കെ.എൽ.എം.പി.8/അദാലത്ത് 2012-13 & 2013-14/1532/22/29.08.22 | 7 |
| 2014-2015 & 2015-2016 | കെ.എസ്.എ.കെ.എൽ.എം.പി.8/അദാലത്ത് 2014-15 & 2015-16/1532/22/29.08.22 | 6 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി8/423(8)/20 തീയതി 3.07.2020 | 7 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി8/11/20 തീയതി 19.06.2020 | 6 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി8/968/20 തീയതി. 11/11/2020 | 10 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി8/968/20 തീയതി.13.05.2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി8/1052/22 തീയതി.16.07.2022 | 11 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

<table>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്